പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3143 — 23.03.2015 ലെ മറുപടിയ്ക്ക്

## കുന്ദമംഗലം പഞ്ചായത്തിലെ കൃഷി നാശം

| ചോദ്യം<br>ശ്രീ.പി.ടി.എ. റഹീം | | മറുപടി<br>ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | 2014 ഏപ്രിൽ 14-ലെ ചുഴലിക്കാറ്റിൽ കുന്ദമംഗലം പഞ്ചായത്തിലെ 161 കർഷകരുടെ വാഴകൃഷി മൊത്തമായി നശിച്ചുപോയത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ കർഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് റവന്യൂ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്നാണ് ധനസഹായം നൽകുന്നത്. കൃഷിനാശം സംഭവിച്ച 161 കർഷകരുടെ 13,91,275 രൂപയുടെ ക്ലെയിം ലഭിച്ചുവെങ്കിലും ആവശ്യമായ ഫണ്ട് ജില്ലാ കളക്ടറിൽ നിന്നും ലഭ്യമാകാത്തതിനാലാണ് കർഷകർക്ക് ധനസഹായം ലഭ്യമാക്കാൻ കഴിയാതിരുന്നത്. |
| (സി) | കർഷകർക്ക് അർഹതപ്പെട്ട നഷ്ടപരിഹാരം എന്നത്തേയ്ക്ക് ലഭ്യമാക്കുമെന്ന് വിശദമാക്കുമോ ? | (സി) | ജില്ലാ കളക്ടറിൽ നിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് കർഷകർക്ക് ധനസഹായം ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ